# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
## NATIONAL BULLETIN

**DATE: 10.03.2025** | **പ്രധാന വാർത്തകൾ** | **TIME : 07.25 PM**

1. വിദ്യാഭ്യാസം കേവലം അറിവ് ആർജ്ജിക്കൽ മാത്രമല്ല ജീവിത മൂല്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള മാർഗം കൂടിയാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.
   **President Draupadi Murmu said that education is not merely a means of acquiring knowledge and skills, it is also a medium for developing life-values within a person.**
2. പാർലമെൻററ് ബജറ്റ് സമ്മേളനത്തിൻറെ രണ്ടാം ഘട്ടത്തിന് തുടക്കം; ആശാവർക്കർമാരുടെ സമരം പാർലമെൻറിൽ ഉന്നയിച്ച് കേരള എംപിമാർ.
   **The second phase of the Budget Session of Parliament began. MPs from Kerala raised the issue of ASHA workers strike in Parliament.**
3. രണ്ട് ദിവസത്തെ മൗറീഷ്യസ് സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് യാത്ര തിരിക്കും; മൗറീഷ്യസ് ദേശീയ ദിനാഘോഷങ്ങളിൽ പ്രധാനമന്ത്രി മുഖ്യാതിഥിയാകും.
   **Prime Minister Narendra Modi is set to embark on a two-day visit to Mauritius tonight. During his visit, the Prime Minister will be the chief guest in the National Day Celebrations of Mauritius.**
4. തൊഴിലാളി ക്ഷേമനിധി ബോർഡ് പെൻഷൻ മുടങ്ങിയ വിഷയത്തിൽ കേരള നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്.
   **Opposition walkout from Kerala Assembly on the issue of workers' welfare fund board pension.**
5. ജലശുദ്ധീകരണത്തിന് ചൈന, ജപ്പാൻ എന്നീ രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന രാസവസ്തുവിന് തീരുവ ചുമത്തി ഇന്ത്യ.
   **India imposes anti-dumping duty on water treatment chemicals from China and Japan.**
6. വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ് – ഗുജറാത്ത് ജയൻറ്സ് പോരാട്ടം.

## PRESIDENT-HARYANA VISIT (INTRO)

വിദ്യാഭ്യാസം കേവലം അറിവ് ആർജ്ജിക്കൽ മാത്രമല്ല ജീവിത മൂല്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള മാർഗം കൂടിയാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഹരിയാനയിലെ ഹിസാർ ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. തൊഴിൽ നേടുക എന്നതിന് പകരം തൊഴിൽ സൃഷ്ടിക്കുക എന്ന മനോഭാവം സ്വീകരിക്കാൻ ശ്രീമതി മുർമു വിദ്യാർത്ഥികളോട് ആഹ്വാനം ചെയ്തു.

(ഹോൾഡ് ഫോർ വോയ്സ്)

ഹിസാറിൽ, ബ്രഹ്മകുമാരീസിൻറെ ആത്മീയ പരിപാടിയിലും രാഷ്ട്രപതി പങ്കെടുത്തു. നാളെ പഞ്ചാബിൽ വിവിധ പരിപാടികളിൽ ശ്രീമതി മുർമു പങ്കെടുക്കും.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## PARLIAMENT-BUDGET SESSION

പാർലമെൻറ് ബജറ്റ് സമ്മേളനത്തിൻറെ രണ്ടാം ഘട്ടത്തിന് തുടക്കമായി. പി.എം ശ്രീ പദ്ധതി തമിഴ്നാട്ടിൽ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ഡി.എം.കെ പ്രതിഷേധത്തെ തുടർന്ന് ലോക്സഭയിൽ നടപടികൾ അര മണിക്കൂറോളം തടസ്സപ്പെട്ടു. 2024-25 ലേക്കുള്ള രണ്ടാം ഘട്ട അനുബന്ധ ധനാഭ്യർത്ഥനകൾ കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ ലോക്സഭയിൽ അവതരിപ്പിച്ചു. നടപടികൾ പൂർത്തിയാക്കി ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## RS - RAILWAY AMENDMENT BILL

റെയിൽവേ (ഭേദഗതി) ബിൽ 2024 റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് രാജ്യസഭയിൽ ഇന്ന് അവതരിപ്പിച്ചു. റയിൽവേ ബോർഡിൻറെ പ്രവർത്തനം സ്വയംഭരണം തുടങ്ങിയവ ഉദ്ദേശിച്ചുള്ളതാണ് ബിൽ. 1905 ലെ ഇന്ത്യൻ റെയിൽവേ ബോർഡ് ആക്ടിലെ എല്ലാ വ്യവസ്ഥകളും ഈ ബില്ലിലൂടെ 1989

ലെ റെയിൽവേ ആക്ടിൽ ഉൾപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുണ്ടെന്ന് ശ്രീ വൈഷ്ണവ് പറഞ്ഞു. ബില്ലിന് ലോക്സഭ ഇതിനകം അംഗീകാരം നൽകിയിട്ടുണ്ട്.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## ASHA WORKERS LS (INTRO)

സെക്രട്ടേറിയറ്റിന് മുന്നിൽ സമരം ചെയ്യുന്ന ആശവർക്കർമാരുടെ സമരം പാർലമെൻറിൽ ഉന്നയിച്ച് കേരളത്തിൽ നിന്നുള്ള എംപിമാർ. ആശാവർക്കർമാരുടെ ന്യായമായ ആവശ്യങ്ങൾ പോലും ചർച്ച ചെയ്യാൻ സംസ്ഥാന സർക്കാർ തയ്യാറാകുന്നില്ലെന്ന് വി കെ ശ്രീകണ്ഠൻ എംപി ലോക്സഭയിൽ പറഞ്ഞു. ഈ വിഷയത്തിൽ കേന്ദ്ര ഇടപെടലുണ്ടാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

**(VOICE)**

എംപിമാരായ ശശി തരൂർ, കെ.സി വേണുഗോപാൽ, എൻ.കെ പ്രേമചന്ദ്രൻ, ഷാഫി പറമ്പിൽ എന്നിവരും ആശാവർക്കർമാരുടെ സമരം സംബന്ധിച്ച വിഷയം ലോക്സഭയിൽ ഉന്നയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## SOIL MINING

കടൽ മണൽ ഖനനത്തിന് അനുമതി നൽകുന്നതിൽ ആശങ്ക അറിയിച്ചുള്ള കേരള സർക്കാരിൻറെ കത്ത് ലഭിച്ചതായി കേന്ദ്ര മന്ത്രി ജി കിഷൻ റെഡ്ഡി. കൊല്ലം ജില്ലയിലെ മൂന്നിടങ്ങളിൽ ഉൾപ്പെടെ 13 ഓഫ്ഷോർ ബ്ലോക്കുകളിലാണ് കടൽ മണൽ ഖനനത്തിനുള്ള ലേല നടപടികൾക്ക് കേന്ദ്രം തുടക്കം കുറിച്ചത്. ഖനന നടപടികൾ ആരംഭിക്കുന്നതിനു മുമ്പ് വിവിധതരം അനുമതികൾ വീണ്ടും നേടേണ്ടി വരുമെന്ന് ഹാരിസ് ബീരാൻ എം.പി യുടെ ചോദ്യത്തിന് മറുപടിയായി കേന്ദ്രമന്ത്രി രാജ്യസഭയെ അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

## PM MAURITIUS VISIT

രണ്ട് ദിവസത്തെ മൗറീഷ്യസ് സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് യാത്ര തിരിക്കും. മൗറീഷ്യസ് ദേശീയ ദിനാഘോഷങ്ങളിൽ പ്രധാനമന്ത്രി മുഖ്യാതിഥിയാകും.

ഇന്ത്യയുടെ സഹായത്തോടെ നിർമ്മിച്ച വിവിധ പദ്ധതികളുടെ ഉദ്ഘാടനവും മൗറീഷ്യസ് പ്രധാനമന്ത്രിയ്ക്കൊപ്പം ശ്രീ മോദി നിർവഹിക്കും. മൗറീഷ്യസ് പ്രസിഡൻറുമായും, പ്രധാനമന്ത്രി യുമായും ഉഭയകക്ഷി കൂടിക്കാഴ്ച നടത്തുന്ന ശ്രീ. നരേന്ദ്ര മോദി, മൗറീഷ്യസിലെ ഇന്ത്യൻ സമൂഹവുമായും സംവദിക്കും.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## J AND K – HOME SECY

ജമ്മു കാശ്മീരിലെ സുരക്ഷാ സാഹചര്യം അവലോകനം ചെയ്യുന്നതിന് കേന്ദ്ര ആഭ്യന്തര സെക്രട്ടറി ഗോവിന്ദ് മോഹൻറെ നേതൃത്വത്തിൽ പ്രത്യേക യോഗം ചേർന്നു. കേന്ദ്ര സായുധ സേന, ജമ്മു കാശ്മീർ പോലീസ്, മറ്റ് സുരക്ഷാ ഏജൻസികൾ എന്നിവയിലെ ഉന്നത ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു. അമർനാഥ് യാത്ര, കശ്മീർ - കന്യാകുമാരി റെയിൽ സർവീസ് എന്നിവയുമായി ബന്ധപ്പെട്ട സുരക്ഷാ നടപടികളും യോഗം വിലയിരുത്തി.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## NATIONAL SAFETY WEEK

54-ാമത് ദേശീയ സുരക്ഷാ വാരാചരണത്തിന് സമാപനം. വിവിധ മേഖലകളിലെ സുരക്ഷാ മുൻകരുതലുകൾ എന്ന ലക്ഷ്യത്തോടെയാണ് എല്ലാ വർഷവും മാർച്ച് നാല് മുതൽ 10 വരെ വാരാചരണം സംഘടിപ്പിക്കുന്നത്. സുരക്ഷയും ക്ഷേമവും വികസിത ഭാരതത്തിന് അനിവാര്യം എന്നതാണ് ഈ വർഷത്തെ പ്രമേയം.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## PRADHAN – TAMILNADU –INTRO

കേന്ദ്ര സർക്കാർ ഒരു ഭാഷയും അടിച്ചേൽപ്പിക്കുന്നില്ലെന്ന് കേന്ദ്ര വിദ്യാഭ്യാസമന്ത്രി ധർമേന്ദ്ര പ്രധാൻ. ഈ വിഷയത്തെ തമിഴ്നാട് സർക്കാർ രാഷ്ട്രീയവത്കരിക്കുകയാണെന്നും അദ്ദേഹം പാർലമെന്റിന് പുറത്ത് മാധ്യമങ്ങളോട് പറഞ്ഞു. സംസ്ഥാന സർക്കാർ കേന്ദ്ര നയം അംഗീകരിക്കുകയാണെങ്കിൽ തമിഴ്നാട്ടിൽ പി എം ശ്രീ പദ്ധതി

അനുവദിക്കുന്നതിന് ഒരു തടസ്സവുമില്ലെന്നും വിദ്യാഭ്യാസ മന്ത്രി വ്യക്തമാക്കി.

(VOICE)

$$$$$$$$$$$$$$$$$$$$$$$$$$$$$$

## ASSEMBLY WALKOUT

കേരളത്തിലെ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികളുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും മാസങ്ങളായി കുടിശികയായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് നിയമസഭയിൽ പ്രതിപക്ഷം. എം വിൻസൻറ് നൽകിയ ഉപക്ഷേപ നോട്ടീസിന് സ്പീക്കർ അനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്നും ഇറങ്ങിപോയി. ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും ഇന്ന് സഭയിൽ നടന്നു. നടപടികൾ പൂർത്തിയാക്കി നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## VIZHINJAM

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിൻറെ രണ്ടും മൂന്നും ഘട്ടങ്ങൾക്ക് പാരിസ്ഥിതിക അനുമതിയായി. ഇതു സംബന്ധിച്ച് കേന്ദ്രപരിസ്ഥിതി മന്ത്രാലയത്തിൻറെ ഉത്തരവ് ലഭിച്ചതായി മന്ത്രി വി.എൻ. വാസവൻ അറിയിച്ചു. പദ്ധതിയുടെ രണ്ട്, മൂന്ന്, നാല് ഘട്ട വികസനത്തിനായി പതിനായിരം കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## KERALA GOVERNER MEETING

ക്യാമ്പസുകളിലെ ലഹരി ഭീഷണിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായ് കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കറുടെ അധ്യക്ഷതയിൽ ഇന്ന് രാജ്ഭവനിൽ സർവ്വകലാശാല വൈസ് ചാൻസലർമാരുടെ യോഗം ചേർന്നു. സംസ്ഥാനത്തെ ലഹരി വ്യാപനവുമായി ബന്ധപ്പെട്ട് ഡിജിപിയോട് ഗവർണർ നേരത്തെ റിപ്പോർട്ട് തേടിയിരുന്നു. ഇതേ തുടർന്നാണ് ഇന്നത്തെ യോഗം.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## WPL CRICKET

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ, ഇന്ന് മുംബൈ ഇന്ത്യൻസ്-ഗുജറാത്ത് ജയൻറ്സിനെ നേരിടുന്നു. ടോസ് നേടിയ ഗുജറാത്ത് ഫീൽഡിങ് തിരഞ്ഞെടുത്തു. മുംബൈയിലെ ബ്രാബോൺ സ്റ്റേഡിയത്തിലാണ് മത്സരം.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## ISL FOOTBALL

ഐഎസ്എൽ ഫുട്ബോളിൽ പഞ്ചാബ് എഫ്സി - മൊഹമ്മദൻ എസ് സിയെ നേരിടുന്നു. കൊൽക്കത്തയിലാണ് മത്സരം.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## ANTI-DUMPING DUTY

ആഭ്യന്തര വ്യവസായത്തെ നിലവാരമില്ലാത്ത ഉൽപന്ന ഇറക്കുമതികളിൽ നിന്ന് സംരക്ഷിക്കുന്നതിന് നടപടികൾ ശക്തമാക്കി കേന്ദ്രസർക്കാർ. ഇതിന്റെ ഭാഗമായി, ജലശുദ്ധീകരണത്തിന് ചൈന, ജപ്പാൻ രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന രാസവസ്തുവിന് ആന്റി ഡംബിംഗ് ഡ്യൂട്ടി ചുമത്തി. അഞ്ച് വർഷത്തേക്ക് ടണ്ണിന് 986 യുഎസ് ഡോളർ വരെയാണ് തീരുവ ചുമത്തിയത്.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 217 പോയിൻറ് താഴ്ന്ന് 74,115 ലും, നിഫ്റ്റി 92 പോയിൻറ് നഷ്ടത്തിൽ 22,460 ലും, വ്യാപാരം അവസാനിപ്പിച്ചു . സ്വർണ്ണ വില വർദ്ധിച്ചു. പവന് 80 രൂപ ഉയർന്ന് 64,400 രൂപയും ഗ്രാമിന് 8,050 രൂപയുമാണ് ഇന്നത്തെ വില.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## US - UKRAINE TALKS

മൂന്ന് വർഷമായി തുടരുന്ന റഷ്യ - യുക്രൈൻ സംഘർഷം പരിഹരിക്കുന്നതിനുള്ള ചർച്ചകൾക്ക് സൗദി അറേബ്യ നാളെ ആതിഥേയത്വം വഹിക്കും. കഴിഞ്ഞ മാസം യുക്രെയ്ൻ പ്രസിഡന്റ് വോളോഡിമിർ സെലെൻസ്കിയുടെ വൈറ്റ് ഹൗസ് സന്ദർശനത്തിനിടെയുണ്ടായ തർക്കത്തെ തുടർന്ന് നടക്കുന്ന

ചർച്ചയാണിത്. നാളത്തെ ചർച്ചകളിൽ യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയാണ് പങ്കെടുക്കുന്നത്.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## RUSSIA-BRITAIN-DIPLOMATS

ചാരവൃത്തി ആരോപണത്തെ തുടർന്ന് രണ്ട് ബ്രിട്ടീഷ് നയതന്ത്രജ്ഞർ രണ്ടാഴ്ചയ്ക്കുള്ളിൽ രാജ്യം വിടണമെന്ന് റഷ്യ. നയതന്ത്രജ്ഞർ തെറ്റായ വ്യക്തിഗത വിവരങ്ങൾ നൽകിയെന്നും ദേശസുരക്ഷയ്ക്ക് ഭീഷണിയായ പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടതായും റഷ്യൻ ഫെഡറൽ സെക്യൂരിറ്റി സർവീസ് ആരോപിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## WEATHER – KERALA

കേരളത്തിൽ താപനില ഉയർന്ന സാഹചര്യത്തിൽ കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ നാളെയും മലപ്പുറം, വയനാട് എന്നിവിടങ്ങളിൽ മറ്റന്നാളും മഞ്ഞ ജാഗ്രതാ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

$$$$$$$$$$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$
$$$$$$